പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5254 06.02.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എളമരം കരീം : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2013 ഡിസംസബർ 31 വരെ കെ.എസ്.ആർ.ടി.സി. ക്ക് വേണ്ടി എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്ന് അറിയിക്കുമോ ; എത്ര പുതിയ വണ്ടികൾ നിരത്തിലിറക്കിയെന്നും ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ എത്രയാണെന്നും വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2013 ഡിസംബർ 31 വരെ 1,000 പുതിയ ഷാസ്സികൾ വാങ്ങിയിട്ടുണ്ട്. 108 ജൻറം ബസ്സുകൾ ഉൾപ്പടെ 1,120 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി 5621 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഇതിൽ സാധാരണ ഗതിയിൽ 4800 ഓളം സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാറുണ്ട്. ഡിസംബർ മാസത്തെ കണക്ക് പ്രകാരം ശരാശരി 4466 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തത്. ശബരിമല പ്രത്യേക സർവ്വീസുകൾക്കായി ബസ്സ് മാറ്റിയതുകൊണ്ടാണ് ഡിസംബർ മാസത്തിൽ ശരാശരി ഓപ്പറേഷനിൽ കുറവുണ്ടായത്. |
| (ബി) | 2013 ജനുവരി മുതൽ ഡിസംബർ 31 വരെ ഓരോ മാസവും കെ. എസ്.ആർ.ടി.സി.ക്കുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | 2013 ജനുവരി മുതൽ ഡിസംബർ വരെ കെ.എസ്.ആർ.ടി.സി.ക്കുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു. |

| മാസം | നഷ്ടം (തുക കോടിയിൽ) |
|---|---|
| ജനുവരി | 38.41 |
| ഫെബ്രുവരി | 65.83 |
| മാർച്ച് | 53.97 |
| ഏപ്രിൽ | 48.16 |
| മെയ് | 50.41 |
| ജൂൺ | 54.42 |
| ജൂലൈയ് | 58.39 |

| | | | |
|---|---|---|---|
| | | | ആഗസ്റ്റ് 53.72<br>സെപ്തംബർ 58.30<br>ഒക്ടോബർ 61.26<br>നവംബർ 64.66<br>ഡിസംബർ 61.35 |
| (സി) | കെ.എസ്.ആർ.ടി.സിയെ പുനരുദ്ധരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സിയുടെ നഷ്ടം കുറച്ച് കൊണ്ടുവരുന്നതിന് ഷെഡ്യൂൾ പരിഷ്ക്കരണം തൊഴിലാളി ബസ് അനുപാതം കുറയ്ക്കൽ, ട്രിപ്പ് നിയന്ത്രണം, LIC/SBI യുമായി ചേർന്ന് പെൻഷൻ സമ്പ്രദായ പരിഷ്കരണം ഇതര ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് നിലവിലുള്ള കെ.റ്റി.ഡി.എഫ്.സി ലോണിന്റെ കൺവർഷൻ നടപ്പാക്കൽ, കോർപ്പറേഷൻ സേവനങ്ങളുടെ ആധുനികവത്കരണം, ആസ്തികളുടെ പുനഃമൂല്യനിർണയം മുതലായ കെ.എസ്.ആർ.ടി.സിയുടെ നഷ്ടം കുറയ്ക്കാനുതകുന്ന പ്രവർത്തനങ്ങളടങ്ങിയ ഒരു പുനരുദ്ധാരണ പാക്കേജിനും, അത് നടപ്പാക്കാനുള്ള റൂട്ട് മാപ്പിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ